## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **4664** 28/6/2013 ൽ മറുപടിയ്ക്ക്

## കൊല്ലം ജില്ലയിലെ പച്ചത്തേങ്ങ സംഭരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. രാജു | | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ ഏതെല്ലാം കൃഷിഭവനുകളിലാണ് നിലവിൽ പച്ചത്തേങ്ങ സംഭരണം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;<br>(ബി) കിലോയ്ക്ക് എത്ര രൂപ നിരക്കിൽ ആണ് സംഭരിക്കുന്നതെന്നും തേങ്ങയുടെ വില എപ്രകാരമാണ് കർഷകർക്ക് വിതരണം ചെയ്യുന്നതെന്നും വ്യക്തമാക്കുമോ ; | (എ) & (ബി) | കൊല്ലം ജില്ലയിലെ 29 കൃഷി ഭവനുകളിൽ നിന്നും 20/6/2013 വരെ ആകെ 2068.147 ടൺ പച്ചത്തേങ്ങയാണ് സംഭരിച്ചിട്ടുള്ളത്. കിലോക്ക് 16 രൂപ നിരക്കിലാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്. സംഭരിക്കുന്ന തേങ്ങയുടെ വില കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൃഷിഭവനുകളിൽ നിന്ന് നേരിട്ട് താമസംവിനാ നൽകി വരുന്നു. |
| (സി) കൊല്ലം ജില്ലയിൽ നിലവിൽ പച്ചത്തേങ്ങ സംഭരണം നടത്തുന്ന കൃഷിഭവനുകൾ ഓരോന്നിലും നാളിതുവരെ സംഭരിക്കപ്പെട്ട പച്ചത്തേങ്ങയുടെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ; | (സി) | കൊല്ലം ജില്ലയിൽ ഓരോ കൃഷിഭവനിലും സംഭരിച്ച തേങ്ങയുടെ അളവുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | സംഭരണവുമായി ബന്ധപ്പെട്ട് ജീവനക്കാരെ നിയമിക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ ; | (ഡി) | സംഭരണവുമായി ബന്ധപ്പെട്ട് ജീവനക്കാരെ നിയമിക്കുന്നതിന് സർക്കാർ നിർദ്ദേശമുണ്ട്. |
| (ഇ) | പ്രസ്തുത ജീവനക്കാരെ നിയമിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട കൃഷി ഓഫിസർമാർക്ക് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ? | (ഇ) | നാളികേരം സംഭരിക്കാൻ പരിചയമുള്ള രണ്ട് തൊഴിലാളികളെ വീതം കൃഷിഭവനുകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും, കണക്ക് സൂക്ഷിക്കുവാനും കർഷകർക്ക് ചെക്ക് നൽകുവാനും ഒരു അക്കൗണ്ടന്റിനെ കരാർ അടിസ്ഥാനത്തിൽ ആറു മാസത്തേക്ക് നിയമിക്കുന്നതിനും (9000 രൂപ) കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കൊല്ലം ജില്ലയിൽ പച്ചത്തേങ്ങ സംഭരണം നടത്തിയതിന്റെ അളവ് വിവരം(20/6/2013 വരെ)

| നം | ബ്ലോക്ക് | കൃഷി ഭവൻ | സംഭരിച്ച തേങ്ങ (ടൺ) |
|---|---|---|---|
| 1 | Oachira | Kulasekharapuram | 291.02770 |
| 2 | | Thazhava | 143.43960 |
| 3 | | Karunagappally | 405.24640 |
| 4 | Chavara | Panmana | 410.59640 |
| 5 | | Thevalakkara | 76.57300 |
| 6 | | Chavara | 40.54690 |
| 7 | Eravipuram | Vadakkevila | 1.47350 |
| 8 | | Thrikkovilvattom | 0.25900 |
| 9 | | Kilikollur | 2.30255 |
| 10 | | Elampallur | 9.38994 |
| 11 | | Eravipuram | 235.02900 |
| 12 | Chathannur | Chathannur | 23.73925 |
| 13 | | Chirakkara | 23.77050 |
| 14 | | Poothakkulam | 21.03200 |
| 15 | Sasthamkotta | Sooranad North | 8.90640 |
| 16 | | Soornad South | 34.13140 |
| 17 | | West Kallada | 98.18550 |
| 18 | | Kunnathur | 1.94950 |
| 19 | Kundara | East Kallada | 16.05200 |
| 20 | | Mundro Island | 155.72500 |
| 21 | | Panayam | 38.15045 |
| 22 | Kottarakkara | Veliyam | 11.15250 |
| 23 | | Kareepra | 11.82750 |
| 24 | | Kottarakkara | 2.93300 |
| 25 | Vettikavala | Vettikavala | 0.92700 |
| 26 | | Kulakkada | 1.67850 |
| 27 | Chadayamangalam | Chadayamangalam | 0.40300 |
| 28 | Anchal | Anchal | 1.41600 |
| 29 | | Yeroor | 0.28400 |
| | GRAND TOTAL | | 2068.14749 |

സെക്ഷൻ ഓഫീസർ